# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **5938** — 08/07/2013 - ലെ മറുപടിയ്ക്ക്

## വിളനാശത്തിന് നഷ്ടപരിഹാരവും ഇൻഷ്വറൻസ് പരിരക്ഷയും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | 2011-12-ൽ കോട്ടയം ജില്ലയിലെ കോട്ടയം കരി പാടശേഖരം ഉൾപ്പെടെ വിവിധ പാടശേഖരങ്ങളിൽ വെള്ളം കയറി കൃഷി നാശം ഉണ്ടായതിന് നഷ്ടപരിഹാരവും ഇൻഷ്വറൻസ് പരിരക്ഷയും നല്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (എ) | കോട്ടയം ജില്ലയിലെ കോട്ടയം കരി പാടശേഖരത്തിൽ 18/04/2011 മുതൽ 26/04/2011 വരെയുള്ള വെള്ളപ്പൊക്കത്തിൽ കൃഷിനശിച്ചതിന് 2,05,000/- രൂപ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 10/04/2012 ലെ ജി.ഒ.(എംഎസ്)നം.90/12/കൃഷി ഉത്തരവ് പ്രകാരം ഹെക്ടറിന് 10,000/- രൂപ നിരക്കിൽ 1,64,000/- രൂപ നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. 2011-2012-ൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ കോട്ടയം ജില്ലാ ഓഫീസിൽ ലഭിച്ച എല്ലാ ക്ലെയിമുകളും അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | വെള്ളം കയറി നശിച്ചത് 'പ്രകൃതി ക്ഷോഭം' അല്ലെന്ന വ്യാഖ്യാനത്തിൽ കൃഷിക്കാരന് യഥാസമയം നഷ്ടപരിഹാരം നൽകാത്തതു മൂലം നെൽകൃഷിയിൽ നിന്നും കർഷകർ പിൻവാങ്ങുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി | വെള്ളം കയറി കൃഷിനശിക്കുന്നത് പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുത്തി, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കർഷകർക്ക് ധനസഹായം നൽകിവരാറുണ്ട്. |
| (സി) | ഇത്തരം കാർഷിക വിളകളുടെ നഷ്ടപരിഹാരവും ഇൻഷ്വറൻസ് തുകയും കാലതാമസം കൂടാതെ നൽകുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ? | (സി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കർഷകർക്ക് പ്രകൃതിക്ഷോഭം മൂലം കൃഷിനശിക്കുന്നതിന് ധനസഹായം നൽകി വരുന്നുണ്ട്. സംസ്ഥാന സർക്കാർ ആവിഷ്ക്കരിക്കുന്ന പുതിയ സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ വിള ഇൻഷ്വറൻസ്, വില തകർച്ച, അപകട ഇൻഷ്വറൻസ് എന്നിവയ്ക്കുള്ള നഷ്ടപരിഹാരം കാലതാമസം കൂടാതെ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ